OFFICE OF THE DEPUTY DIRECTOR OF EDUCATION ★ THRISSUR - 3 ★

2053

~~Code No: 4~~

# പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പ്രളയപാഠങ്ങൾ

പരിസ്ഥിതിയെന്നാൽ എന്താണ്. പ്രകൃതിയിലെ ജീവജാലങ്ങളും മരങ്ങളും ചെടികളും പുഴകളും കാടുകളും എല്ലാം അടങ്ങുന്നതിനെയാണ് 'പരിസ്ഥിതി' എന്ന് നാം പറയുന്നത്. എന്നാൽ ഇന്ന് ഇവയെല്ലാം അതിലുണ്ടോയെന്ന് നാം ഉറപ്പുവരുത്തേണ്ടതുണ്ട്. താൽകാലിക വികസനത്തെ മുൻനിറുത്തി മനുഷ്യർ തങ്ങളുടെ അക്രമങ്ങൾ പ്രകൃതിക്കുനേരെ, പരിസ്ഥിതിക്കുമീതെ പ്രയോഗിച്ചപ്പോൾ അവർ ഓർത്തില്ല അതിന്റെ തുടർഫലങ്ങൾ. കഴിഞ്ഞ ഒരവസരത്തിൽ പ്രളയം കേരളമണ്ണിനെ അടിച്ചമർത്തുകയായിരുന്നു. പരിസ്ഥിതിക്കുമീതേ ഓരോരോ പ്രവർത്തികൾ നാം ചെയ്തപ്പോഴും നാമറിയാതെ, കേരളമറിയാതെ അവർ, ഭൂമി പ്രതികരിക്കുകയായിരുന്നു. 'അയ്യോ' എന്നു മാത്രമാണ് കേരളീയർ, മറ്റു സംസ്ഥാനങ്ങളിൽ പ്രളയം വന്നപ്പോൾ പറഞ്ഞിരുന്നത്. എന്നാൽ പ്രകൃതിദുരന്തമായ പ്രളയം അന്ധകാരത്തിന്റേയും അക്രമത്തിന്റേയും പാതയിൽ സഞ്ചരിച്ചിരുന്ന കേരളീയ മക്കൾക്ക് പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പാഠങ്ങൾ പഠിപ്പിക്കുന്ന ഒരധ്യാപികയായി മാറുകയായിരുന്നു. പ്രളയം പഠിപ്പിച്ച മഹത്തായ പാഠങ്ങളിലൊന്നാണ് പരിസ്ഥിതി സംരക്ഷണം. എന്തെല്ലാം പാഠങ്ങളാണ് പരിസ്ഥിതി സംരക്ഷണവുമായി പ്രളയം എന്ന വ്യക്തി പഠിപ്പിച്ചുവെന്നും, അവയെങ്ങനെ കേരളീയരെ സ്വാധീനിച്ചുവെന്നും വിവിധ തലങ്ങളിലൂടെ നമുക്കൊന്ന് ചിന്തിച്ചുനോക്കാം.

**പരിസ്ഥിതിയും മനുഷ്യനും:** ഇന്ന് ചിന്തയ്ക്ക് ഭ്രമമുള്ള ഒരു കാലമൊന്നുമല്ല, പ്രത്യേകിച്ച് പരിസ്ഥിതിയെക്കുറിച്ച്. താത്കാലിക വികസനങ്ങൾക്കുവേണ്ടി, ഒരു പേപ്പർ തുട്ടിനുവേണ്ടി

നെട്ടോട്ടമോടുകയാണ് മനുഷ്യർ. മരം വെട്ടിയും, പുഴകൾ നശിപ്പിച്ചുമെല്ലാം. വൈക്കം മുഹമ്മദ് ബ മലയാളത്തിലെ പ്രധാന എഴുത്തുകാരന്റെ 'ഭൂമിയുടെ അവകാശികൾ' എന്ന പുസ്തകത്തിൽ പരിസ്ഥിതി മനുഷ്യന്റേതു മാത്രമല്ലെന്നും, ഓരോ കിളിയും, പുഴുവും അതിനവകാശികളാണെന്നും വിവരിക്കുന്നു. ഇത്തരമൊരു കാഴ്ചപ്പാടാണ് നമുക്കുണ്ടാകേണ്ടത്. ഈ ബോധ്യത്തിലേക്കു നാം എത്തിച്ചേർന്നാൽ പരിസ്ഥിതി സംരക്ഷണം നമ്മുടെ ശീലമാകും. തുടർന്നുള്ള പ്രകൃതി ദുരന്തങ്ങളും നമുക്കൊഴിവാക്കാം.

**പ്രളയം പ്രധാന അദ്ധ്യാപകൻ:** ദൈവത്തിന്റെ സ്വന്തം നാട്, കേരളം. എന്നാൽ ഈ കേരളത്തെ യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാടാക്കിയത് മുൻപെങ്ങും ഇതുവഴി വരാത്ത ഒരു പ്രളയമാണ്. നഷ്ടപ്പെട്ടുപോയ പച്ചപ്പിനെ തിരികെ വിളിച്ച്, അവയെ കേരളത്തിന് സമ്മാനിക്കാനും, പരിസ്ഥിതിയെ സംരക്ഷിക്കാനും സഹായിച്ചത് പ്രളയമാണ്. ഏതൊരദ്ധ്യാപകനെക്കാൾ സത്യങ്ങൾ അനുഭവിച്ചറിഞ്ഞ, മൂല്യങ്ങളും നന്മയും ഉണർത്തിയ ഒരാളായിരുന്നു അത്. പ്രളയം പ്രധാനമായും കേരളീയമക്കൾക്ക് നൽകിയ സന്ദേശം അത് തീർച്ചയായും പരിസ്ഥിതി സംരക്ഷണമാണ്. നമുക്ക് വിലയിരുത്താം പ്രളയം പഠിപ്പിച്ച പാഠങ്ങൾ.

## മരം മുറിച്ചാൽ മുറിയുന്നത് നമ്മൾ തന്നെ:

മരം ജീവൻ നൽകുന്നതാണ്. നമുക്ക് ആവശ്യമായ വായുവും മറ്റും പുറപ്പെടുന്നത് മരങ്ങൾ നടത്തുന്ന പ്രക്രിയകളിലൂടെയാണ്. എന്നാൽ നാം മരങ്ങളെ നശിപ്പിക്കുന്നു. മനുഷ്യൻ പ്രകൃതിക്കുമേൽ നടത്തുന്ന പദ്ധതികളെയാണോ വികസനം, വികസനം എന്ന് പറയുന്നത്? മരങ്ങളുടെ കുറവ് കേരളീയമക്കൾക്ക് സമ്മാനിച്ചത് വൻദുരന്തമായിരുന്നു. അതാണ് പ്രളയം. മരം വെട്ടുന്നതുമൂലം മഴ കുറയുന്നു. വായുമലിനീകരണമുണ്ടാകുന്നു. എന്നാൽ മനുഷ്യൻ മരങ്ങളുടെ മൂല്യമറിയാതെ മുന്നോട്ടുപോയപ്പോൾ പരിസ്ഥിതി തന്നെ പ്രധാനാദ്ധ്യാപികയെ പഠിപ്പിക്കുവാൻ അയച്ചു. പ്രളയത്തെ തടുത്തുനിർത്തുവാൻ പലയിടങ്ങളിലും സാധിക്കാഞ്ഞത് അവിടുത്തെ മരങ്ങളുടെ കുറവിനാൽ തന്നെയാണ്. കാരണം

OFFICE OF THE DEPUTY DIRECTOR OF EDUCATION
THRISSUR - 3

കുറേയൊക്കെ ദുരന്തങ്ങളും മറ്റും പിടിച്ചുനിർത്തുവാനുള്ള ശക്തി ചില മരങ്ങൾക്കുണ്ട്. ജലാംശം [illegible]ടുക്കുന്ന മരങ്ങളാണവ. എന്നാൽ കേരളീയർക്ക് മറ്റൊരു ഉൾക്കാഴ്ചയായിരുന്നു ഇത്. മരങ്ങളില്ലാതെ ജീവന് നിലനിൽക്കാൻ സാധിക്കില്ലെന്ന് കേരളീയർ മനസ്സിലാക്കി. മുമ്പ് കാടുകളും മരങ്ങളും വെട്ടി നശിപ്പിച്ച അതേ മനുഷ്യർ തന്നെ ഇന്ന് മരം മുറിച്ചാൽ മുറിയുന്നത് നമ്മൾതന്നെയാണ് എന്ന പാഠം പഠിച്ചു. ഈ ഒരു കാര്യം വെളിപ്പെടുത്തിയതും പ്രളയമാണ്. പരിസ്ഥിതി സംരക്ഷണത്തിൽ മരങ്ങളെ നിലനിർത്തി ജീവന്റെ ആയുസ്സ് വർധിപ്പിക്കാനുള്ള പാഠം പഠിപ്പിച്ചത് പ്രളയം തന്നെയായിരുന്നു.

**വെള്ളം നശിപ്പിച്ചാൽ നിങ്ങൾ വെള്ളം കുടിക്കും:**

ഓരോതുള്ളി വെള്ളവും അമൂല്യമാണ് എന്ന് നാം ധീരതയോടെ സംസാരിക്കാറുണ്ടല്ലോ. എന്നാൽ അതേ നമ്മൾ തന്നെയാണ് ഇന്ന് കേരളത്തിലെ ജലാശയങ്ങൾ നശിപ്പിക്കുന്നതും. ജലമില്ലാതെ ജീവനില്ല. നമ്മുടെ ഭവനങ്ങളും പരിസരവും വൃത്തിയാക്കി ബാക്കി വരുന്ന മാലിന്യമെല്ലാം നാം തള്ളുന്നത് കനാലുകളിൽ ~~പൊതുസ്ഥ~~ പൊതുസ്ഥലങ്ങളിലോ അല്ലെങ്കിൽ പുഴകളിലേക്കോ ആണ്. ഇന്ന് കേരളത്തിൽ വ്യവസായങ്ങളും വലിയ കെട്ടിടങ്ങളും ഫാക്ടറികളും വർധിച്ചുവരുന്നു. അവയിൽനിന്നെല്ലാം വരുന്ന അവശിഷ്ടങ്ങൾ ഒഴുക്കിവിടുന്നതും തള്ളിവിടുന്നതും പുഴകളിലേക്കുതന്നെ. എന്നാൽ പുഴയുടെ ഉള്ളിൽ ഇവ കടന്നുചെല്ലുമ്പോൾ മനുഷ്യരുടെ ജീവിതത്തിൽ ആവശ്യമായ പല ജീവജാലങ്ങളും നശിക്കുന്നു. ജലം മലിനമാകുന്നു. എന്നാൽ ഇവയ്ക്കെല്ലാം ഒരു തിരിച്ചടിയായാണ് പ്രളയം എത്തിയത്. ശുദ്ധജലമില്ലെങ്കിൽ അവയിൽ നിന്നുമുണ്ടാകുന്ന മാലിന്യങ്ങൾ പുഴയുടെ ഉൾഭാഗവുമായി പ്രവർത്തിച്ച് വെള്ളത്തിന്റെ നിരപ്പ് ഉയരുന്നു. പ്രകൃതിയിൽ മാറ്റം സംഭവിക്കുന്നതുവഴി മഴ നിയന്ത്രണമില്ലാതെ പെയ്യുന്നു. അങ്ങനെ ജലനിരപ്പ് തീവ്രമായി ഉയർന്ന് അടുത്തുള്ള സ്ഥലങ്ങളിലേക്ക് ഒഴുകുന്നു. ഇതിനെയാണ് പ്രളയമെന്ന് പറയുന്നത്. വെള്ളത്തെ നശിപ്പിച്ചാൽ നമ്മൾ വെള്ളം കുടിക്കുമെന്ന തിരിച്ചറിവിലേക്ക് കൊണ്ടുപോയത് പ്രളയമായിരുന്നു.

തുടർന്ന് ജലത്തെ സംരക്ഷിക്കാൻ കേരളീയരെ സഹായിച്ചതും അതുതന്നെ. കേരളത്തിൽ നിലനിന്ന പല മാലിന്യങ്ങളും നീക്കി ജലാശയങ്ങളെ ശുദ്ധമായി സൂക്ഷിക്കണമെന്നുള്ള പാഠവും നൽകി. പ്രളയം അനുഭവിച്ചവർക്ക് ജലം, ശുദ്ധജലത്തിന്റെ പ്രാധാന്യം മനസ്സിലായിട്ടുണ്ട്. ശുദ്ധജലത്തിനായി, ഒരിറ്റു വെള്ളത്തിനായി ദാഹിച്ച സമൂഹത്തെ നാം മാധ്യമങ്ങളിലൂടെ പരിചയപ്പെട്ടതാണ്. കേരളീയരുടെ വിപ്ലവം ഉണർത്താൻ പ്രളയം ഒരു വലിയ പാഠം തന്നെയാണ് പഠിപ്പിച്ചത്.

**വായുവില്ലെങ്കിൽ നാമില്ലയെന്ന് പഠിപ്പിച്ച പ്രളയം:** കെട്ടിടങ്ങളും മറ്റും വർദ്ധിച്ചുവരുമ്പോൾ അവയിൽനിന്നും പുറപ്പെടുന്ന കാർബണിന്റേയും അളവാണ് കൂടുന്നത്. കാർബൺ ഓക്സിജൻ, അതായത് വായുവിനെ മലിനീകരണമാക്കുന്നു. ഇവ ശ്വസിക്കുന്ന നമുക്കും അത് ഹാനികരമാണ്. ഇവയും കേരളീയരെ ബോധ്യപ്പെടുത്തിയത് പ്രളയം തന്നെയായിരുന്നു. പൊടിയും മറ്റും കലർന്ന വായുവായിരുന്നു പ്രളയസമയത്ത് നാം ശ്വസിച്ചിരുന്നത്. പരിസ്ഥിതിയെ സംരക്ഷിക്കുവാനുള്ള ഊർജ്ജം നൽകിയത് പ്രളയമായിരുന്നു.

**മാലിന്യങ്ങൾ നിക്ഷേപിക്കാതെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് പഠിപ്പിച്ച പ്രളയം:**
മാലിന്യങ്ങൾ അന്നും ഇന്നും എന്നും പരിസ്ഥിതിയെ അവതാളത്തിലാക്കുന്നതാണ്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ കാണുന്ന മാലിന്യം പ്ലാസ്റ്റിക്കുകളാണ്. ഇവയും ഭവനങ്ങളിൽ നിന്നും ആളുകൾ കൊണ്ട് പ്രകൃതിക്കു സമ്മാനിക്കുന്ന മറ്റും. എന്നാൽ ഇന്ന് കേരളമെന്ന് പറഞ്ഞാൽ ഇപ്പോൾ ഓർമ്മവരുന്നത് പലവിധ അസുഖങ്ങളുടെ കേന്ദ്രമെന്നായിരുന്നു. എന്നാൽ ഇവയ്ക്കു പിന്നിൽ മാലിന്യങ്ങൾക്ക് പ്രധാന പങ്കുണ്ട്. മാലിന്യക്കൂമ്പാരത്തിൽ നിന്നും വരുന്ന വൈറസുകൾ മനുഷ്യശരീരത്തിൽ പ്രവേശിക്കുമ്പോഴാണ് അസുഖങ്ങൾ പിടിപെടുന്നത്. എന്നാൽ പ്രളയത്തിനുശേഷം മാലിന്യങ്ങൾ പലയിടത്തുനിന്നും നീക്കം ചെയ്തിട്ടുണ്ട്. കാരണം പുഴകളിലേക്കും പൊതുസ്ഥലങ്ങളിലേക്കും നിക്ഷേപിച്ച അതേ മാലിന്യങ്ങൾ തന്നെയാണ് ഈ ദുരന്തത്തിന്റെ മധ്യത്തിൽ

പരിസ്ഥിതി അവ വീടുകളിലേക്ക് തിരികെ നൽകിയിരിക്കുന്നത്. പ്രളയശേഷം ഭവനങ്ങൾ വൃത്തിയാക്കുന്ന ഭയനീയമായ കാഴ്ച നാം നേരിട്ട് പരിചയപ്പെട്ടതാണ്. PUTY DIRECTOR OF EDUCATION THRISSUR - 3 ...ങ്ങൾ പരിസ്ഥിതിയിൽ നിക്ഷേപിക്കാനുള്ള-തല്ലെന്നും അത് മലിനീകരണത്തിന് അടിമയാക്കരുതെന്നും പഠിപ്പിച്ചത് പ്രളയം തന്നെയാണ്.

പരിസ്ഥിതി എല്ലാവരുടേയുമാണ്. അവയെ നശിപ്പിച്ച് വികസനത്തിനായി ഇറങ്ങിത്തിരിച്ച പലരുടേയും ഭവനങ്ങളും കെട്ടിടങ്ങളും തകർന്നത് നമുക്ക് സുപരിചിതമാണ്. പരിസ്ഥിതി സംരക്ഷണം, സാധ്യമാക്കുന്നതിനുവേണ്ടിയാണ് പ്രളയം ഇറങ്ങിത്തിരിച്ചത് എന്ന് നമുക്കറിവുള്ളതാണല്ലോ. പ്രധാനമായും മരങ്ങളേയും, ജലങ്ങളേയും, വായു എന്നിവയെ നിലനിർത്തുവാനാണ് പ്രളയം ആവശ്യപ്പെടുന്നത്. ഇനിയുമൊരു പ്രളയം നേരിടേണ്ടി വന്നാലും മനുഷ്യരെക്കൂടാതെ മരങ്ങൾ, നമ്മെ സഹായിക്കും. ജലം അത്യാവശ്യമായൊരു ഘടകം തന്നെയാണ് ഇനിയും വരാനുള്ളത്. എന്നാൽ ജലാശയങ്ങളിലും പുഴകളിലും നാം മാലിന്യങ്ങൾ നിക്ഷേപിക്കുമ്പോൾ പരിസ്ഥിതി ഇത്തരം ദുരന്തങ്ങളിലൂടെയാണ് പ്രതികരിക്കുക. അപ്പോഴാണ് ഒരു തുള്ളി ജലം അമൂല്യമാണെന്ന ബോധ്യം നമുക്കുണ്ടാകുന്നത്. കേരളത്തെ പടുത്തുയർത്തേണ്ടത് നാം തന്നെയാണ്. ഇനിയൊരു ദുരന്തത്തിനുശേഷം പല സ്ഥലങ്ങളും വൃത്തിയാക്കുകയും മരങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇനിവരുന്ന, നിശ്ചയിക്കാതെ വരുന്ന പ്രളയത്തെ തടുത്തുനിർത്താൻ നമുക്കാവണം. പരിസ്ഥിതിയെ നശിപ്പിക്കുന്ന ഓരോ പ്രവർത്തിയും നീക്കിവയ്ക്കണം. ഇതിനായി ഓരോ വീടുകളിലും പരിസരങ്ങളിലും മരങ്ങൾ സംരക്ഷിക്കണം. മരത്തെ സംരക്ഷിച്ചാൽ മരണം ഒഴിവാക്കാം. പരിസ്ഥിതിയുടെ സംരക്ഷണത്തിനുവേണ്ടി നമുക്കെന്തെല്ലാം ചെയ്യാൻ സാധിക്കും? പൊതുവേദികളിലും സ്കൂളുകളിലും പരിസ്ഥിതി സംരക്ഷിച്ചാൽ പ്രകൃതി ദുരന്തങ്ങൾ എങ്ങനെ ഒഴിവാക്കാമെന്ന ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കണം. ഇതിന് മുൻകൈയെടുക്കേണ്ടത് കുട്ടികളാണ്.

ഇതിനാവശ്യമായ പ്രോത്സാഹനം മാതാപിതാക്കളിൽനിന്നുമുണ്ടാകണം. പ്രളയം പഠിപ്പിച്ച പാഠങ്ങൾ കേരളീയർ ഉൾക്കൊണ്ടുകഴിഞ്ഞു. അതിനാലാണ് സർക്കാർ ഇപ്പോൾ പരിസ്ഥിതി സംരക്ഷണം മുൻനിറുത്തിയിരിക്കുന്നത്. പരിസ്ഥിതി സംരക്ഷം നമ്മുടെ സ്വപ്നമായിരിക്കണം. ലക്ഷ്യമായിരിക്കണം. ഇത് കൂടുതൽ പ്രായോഗികമാക്കാൻ പരിസ്ഥിതിയോട് കൂടുതൽ ചായ്‌വ് പുലർത്തണം. കൺമുൻപിലൂടെ നടമാടുന്ന പരിസ്ഥിതിക്കെതിരെയുള്ള ക്രൂരമായ പ്രവർത്തനങ്ങൾ കാണുമ്പോൾ അതിനെതിരെ പരിസ്ഥിതിക്കുവേണ്ടി നാം വിരൽ ചൂണ്ടണം. പ്രളയത്തിൽ ഇനിയൊന്നും, അതായത് നമ്മുടെ പ്രവൃത്തികൾ മൂലം ഒരു നിരപരാധിയുടെയും ജീവൻ നഷ്ടപ്പെടരുത്. പ്രളയം ഇനി വരുമോയെന്ന് നമുക്കറിഞ്ഞുകൂടാ. ഇന്നലെയും ഇന്നും പ്രളയം ഒരുപാട് ജീവനെടുത്തു. എന്തുകൊണ്ട് നാളെ നീ ആയിക്കൂടാ? അതിനാൽ പ്രകൃതിദുരന്തങ്ങൾ, പരിസ്ഥിതി സംരക്ഷണത്തിലേക്കാണ് ചൂണ്ടുന്നത്. പരിസ്ഥിതിയെ സംരക്ഷിക്കാൻ നമുക്ക് ശ്രമിക്കാം. പരിസ്ഥിതിയില്ലെങ്കിൽ ജീവനില്ല; ജീവനില്ലെങ്കിൽ നാമില്ല; നാമില്ലെങ്കിൽ നാളെയുമില്ല. പരിസ്ഥിതിക്കായ് ഉയരേണ്ടത് നമ്മുടെ കരങ്ങളാണ്. ജ്വലിക്കേണ്ടത് നമ്മുടെ വാക്കുകളും. നമുക്ക് കരങ്ങൾക്കോർത്ത് പ്രവർത്തിക്കാം ഒരു നല്ല നാളേക്കായി. ഒരു നല്ല നാളെയായിരിക്കട്ടെ നമ്മുടെ ലക്ഷ്യം; സ്വപ്നം.